# നിഴലുകൾ

കുന്നിന്റെ ഒത്തനെറുകയിൽഎത്തിയപ്പോൾസീതതിരിഞ്ഞുനിന്നു.

''ഞാൻശരിക്കുംക്ഷീണിച്ചു.''ഉണ്ണിപറഞ്ഞു.''നിന്റെ ഒരു ഭ്രാന്ത്.''

''ഉണ്ണിക്കിന്നു ജോലിയുണ്ടായിരുന്നു.അല്ലേ''

''അത്സീതയ്ക്ക്നേരത്തേഅറിയാമായിരുന്നു.''

''ആ,അറിയാമായിരുന്നു.ഞാൻക്ഷമചോദിക്കുന്നില്ല.''

ഹാൻഡ്ബാഗിലെ ഗിൽട്ടുകളിൽ തലോടി മിണ്ടാതിരിക്കെ, താഴത്ത്, വെള്ളം നിറച്ച പിച്ചളക്കുടങ്ങൾ തലയിലും നഗ്നരായ മക്കളെ മുതുകിലും ഏറ്റി നടന്നു പോകുന്ന സ്ത്രീകളെക്കണ്ടു. മുഖം മൂടിയിട്ട തുണിക്കു കീഴെ കൺതടങ്ങളിൽ കറുപ്പ്. എന്തോ എവിടെയോ മറന്നു വെച്ച ഭാവമാണെല്ലാവർക്കും. ഈ ഉണ്ണിക്കു പോലും. തിരക്കിട്ടോടിയെത്തുമ്പോൾ കൈ മുറുക്കിപ്പിടിച്ചിട്ടും ഊർന്നു പോയത് രക്ഷിക്കാനായി ഓടിയ സ്വപ്നങ്ങൾ തന്നെയാവുന്നു. ബാക്കിയായത് മുന്നോട്ടുള്ള നടത്തമാണ്. ഒപ്പിച്ചു വെച്ച വിഡ്ഢിത്തങ്ങളുടെ കൈയുംപിടിച്ചുള്ള നടത്തം.

''കുട്ടിക്കെങ്ങനെയിരിക്കുന്നു?''

''ഭേദമായി''അവൾപറഞ്ഞു.''മാർക്കറ്റിലേക്കു പോയഅമ്മയെകാത്തിരിക്കയാവുംഅവൾ.സ്നേഹ, അതും ഒരുസ്വൈരക്കേടാണ്. ഉപേക്ഷിക്കാൻകഴിയാത്തപൂപോലെ.''

അവൾഹാൻഡ്ബാഗ്തുറന്നപ്പോൾഅതിനകത്തുള്ളചെറിയക്യാമറ ഉണ്ണികണ്ടു.

''ഫിമിമില്യഅതിൽ.''സീതപറഞ്ഞു.''ഈയിടെ ഞാൻപച്ചക്കറികൾ മാത്രമേവാങ്ങാറുള്ളൂ.''

''എന്നിട്ട്  ഈ മലകയറ്റം ?'' ഉണ്ണി ചരൽക്കല്ലുകൾ കാലുകൊണ്ടു തിർത്തി താഴത്തേക്കിട്ടുകൊണ്ടു ചോദിച്ചു.

''ഇതെറിഞ്ഞു കളയാൻ വന്നതാണ് ഞാൻ. ഇവിടെ നിന്നുകൊണ്ട് താഴത്തെ ആ നീർച്ചാലിലേക്ക് എനിക്കതെറിയണം. ദൂരേയ്ക്ക്, ഒരുപാട് ദൂരത്തേയ്ക്ക്.''

വീർത്തുവരുന്നബലൂൺപോലെനിശ്ശബ്ദത പെരുകി.

''ഇന്നാൾ ഞാനൊരു ഫോട്ടോ എടുത്തു. മരത്തിൽ ചാരി വയറ്റിലെ പേൻ നോക്കുന്ന ഒരു തള്ളക്കുരങ്ങിന്റെ.ഞാനത്സീതയ്ക്കാണ്സമർപ്പിച്ചത്.

ഇടയാത്ത നാളികേരത്തിന്റെ പുറത്തു വീണ കത്തിയുടെ ശബ്ദം പോലെ ഉണ്ണിയുടെ വാക്കുകൾ തുളി. അവിടെ വീണ്ടും നിശ്ശബ്ദത നിറഞ്ഞു. അകലെ, ഒരു സ്വപ്നംപോലെ താഴുന്ന സൂര്യന്റെ വെളിച്ചം കണ്ണിൽ കുത്തിയപ്പോൾ ഉണ്ണിതിരിഞ്ഞിരുന്നു.

സ്റ്റുഡിയോയുടെ ഇരുണ്ട വെളിച്ചത്തിൽ പ്രണയകലഹം നടത്തിയിരുന്ന നന്ദിനിയും ഉണ്ണിയും ---അവൾ ഓർത്തു. തന്റെ വിവാഹ ദിവസം അവർ തനിക്കയച്ചു തന്ന, അതിരില്ലാതെ ഓളം വെട്ടിക്കിടന്ന വെള്ളത്തിന്റെ ഫോട്ടോ.പിന്നെ,തൂങ്ങി മരിച്ചനന്ദിനിയുടെ മുഖം.

ഉണ്ണി.

''ഉണ്ണിക്കിനിഎന്തൊക്കെ ചെയ്യണം പോയിട്ട്?''

''ഉണ്ണണം, വസ്ത്രങ്ങൾ കഴുകണം. ''അയാൾ അവളെത്തന്നെ സൂക്ഷിച്ചിരിക്കെ പറഞ്ഞു. ''വായിക്കണം ഉറങ്ങണം.''

ഞാനിന്ന് അടുക്കളപോലും തോന്നിയപടി ഇട്ടിട്ടാണ് ഓടിയത്. എന്റെ ധ്റുതി കണ്ടിട്ട് എനിക്കു തന്നെ തമാശ തോന്നി.ഞാനോടുന്നതു കണ്ടാൽആരോടോഎന്തോവിവരംഅടിയന്തരിമായിഅറിയിക്കാനുണ്ടെന്നു തോന്നുമായിരുന്നു. എന്നിട്ട് നോക്കൂ, നമ്മൾ അര മണിക്കൂറായി മുഖത്തോടു മുഖം നോക്കി ഇരുന്ന് സംസാരിക്കാൻ പാടു പെടുന്നു.'' സീത പെട്ടെന്ന് ചരൽക്കല്ലുകൾ മേലോട്ട് വാരിയെറിഞ്ഞു. ചിലപ്പോൾ സംസാരിച്ചുകൊണ്ടേ ഇരിക്കുമ്പോഴത്തെ അകത്തെ ശൂന്യതയാണ്  അധികം കഷ്ടം.  നാം ആരിൽനിന്നോ ഓടുന്നതുപോലെ വഴിക്കു കണ്ടതിനെയൊക്കെ തട്ടി മുട്ടി ശബ്ദമുണ്ടാക്കി പിന്നാലെ വരുന്ന കാലടി ശബ്ദം കേൾക്കാതിരിക്കാൻ ബദ്ധപ്പെടുന്ന പോലെ...'' അവൾ ധ്റുതിയിൽ നിർത്തി. ''അങ്ങനെയല്ല ഉണ്ണി. അതും തെറ്റാണ്. നമുക്ക് വെറുതെ നിൽക്കാൻ വയ്യാത്തതുകൊണ്ട് കാലടിശ്ബദം ഉറക്കെ കേൾപ്പിച്ച് വെറുതെ ലക്ഷ്യമില്ലാതെഓടാറുള്ളതുപോലെ.''

സീത വൈകുന്നേരങ്ങളിൽ വെറുതെഇനിക്കുകയാണോപതിവ്?''

''ഭഗവാനേ'' അവൾ പറഞ്ഞു: '' ഒരു വീട്ടമ്മയുടെ തിരക്ക് ഉണ്ണിക്കറിയില്ല. എപ്പോഴും ഉണ്ടാവും ഓരോന്ന്. ഭാഗ്യമാണ് അതും. ഞാനുണ്ണിയെ ഓർക്കാറേയില്ല. ഉണ്ണിയെ ഓർമ്മിപ്പിക്കുന്ന ഒന്നും എന്റെ ദിനചര്യകളിൽഇല്ല.''

പൂഴി വാരി താഴത്തു പതിച്ചുവെച്ചിരുന്ന അവളുടെ കൈപ്പടത്തിന് പുറത്ത് ഉതിർത്തിയിട്ടുകൊണ്ട് അയാൾചിരിച്ചു.

''ഇത്തിരി, ഒരിത്തിരി മാറിയിട്ടില്ല നീസീതേ.'' പൂഴിക്കു മീതെ പുളയുന്ന കുഴിയാനകൾ കുന്നിന്റെ ചെരിവിൽകാറ്റ്തലോടുമ്പോൾ പൊട്ടിത്തരിക്കുന്ന തൊട്ടാവാടികൾ.

''ഉണ്ണിക്ക്കല്യാണംകഴിക്കണ്ടേ ?''

''വേണം!''

സീതവിശ്വാസമില്ലാത്തതു പോലെ നോക്കിയിരുന്നു.

''എന്തേ ? എനിക്കുകല്യാണം വേണ്ടേ ? ''

''പിന്നെ ''അവൾവാക്കുകൾക്കു വേണ്ടിതപ്പി.''പിന്നെ ഉണ്ണി മലകയവോ?''

''പിന്നെയാണ് സീതെ മലകയറ്റം, '' ഉണ്ണി കുസൃതിയോടെ ചിരിച്ചു. സീത അയാളെത്തന്നെ നോക്കിയിരിക്കുമ്പോളാണ് ഉണ്ണിപറഞ്ഞത്.

''നമുക്കിത്തിരിഇവിടെഇരുന്ന്കളിക്കാം ?''

''എന്ത്?''

''കൊത്തങ്കല്ല്.''

തന്റെ മുഖത്തേക്ക് വെടി പൊട്ടും പോലെ നോക്കിയ പെൺകുട്ടിയെ ഉണ്ണി കണ്ടില്ലെന്നു നടിച്ചു. പൂഴിയിൽ നിന്നും മിനുത്ത കല്ലുകൾ പെറുക്കി സീതയ്ക്കു നേരെ നീട്ടി അയാൾ. ആ കല്ലുകൾ ഏറ്റുവാങ്ങി അതിന്റെ മിനുസം കൈവെള്ളയിൽഅമർത്തി രസിച്ച്അവൾതലതാഴ്ത്തി.

അവസാനം പൂഴി തലോടിപ്പരത്തി കളിക്കാൻ തുടങ്ങി. തണുത്ത പൂഴിയിൽ കയ്യെത്തുമ്പോൾ തണുപ്പ്. നിമിഷങ്ങൾക്കു ശേഷംതാഴത്തെപുൽച്ചെരിവിലേക്ക് ആ കല്ലുകൾഅവൾപതുക്കെപതുക്കെഉരുട്ടിവിട്ടു.

''സോറി ഉണ്ണീ'' അവൾ പറഞ്ഞു: ''ഇന്നലെ സീമമോളെ സ്കൂളിലാക്കി തിരിച്ചുവരുമ്പോൾ അപ്പുറത്തുള്ള ചെറിയവഴിയിലെ വേലിയിൽ ഒരു ഭംഗിയുള്ള പൂ കണ്ടു.അത്തരംപൂഞാനിതേവരെ കണ്ടിട്ടില്ല. അതു കണ്ടപ്പോൾ എത്രയോ നാളുകൾക്കു ശേഷം ഞാൻ ഉണ്ണിയെ ഓർത്തു. എന്നിട്ടാണ് ഞാനിന്ന് ഫോൺ ചെയ്തത്.ശിവേട്ടനറിയില്ലഞാനിങ്ങോട്ട് പോന്നത്.''

''അറിഞ്ഞാലോ ?''

''എന്തുണ്ടാവുമെന്നുംഅറിയില്ല.''

അല്പസമയത്തിനുശേഷംഅവൾതുടർന്നു.

''ഞാൻ പോണു.ശിവേട്ടൻവന്നുകാണും.''

''നീഎവിടെയായിരുന്നു എന്ന് ചോദിക്കില്ലേ?''

''മാർക്കറ്റിൽ.കുറച്ചു കൊല്ലങ്ങൾക്കുമുൻപാണെങ്കിൽഞാൻസത്യംപറയുമായിരുന്നു.''

''സത്യംപറയാൻ പേടിയാണോസീതെ!''

''അറപ്പാണ്.അല്ലെങ്കിൽവാശി.''

അവളുടെ മുഖത്തേയ്ക്ക്ആഞ്ഞുകയറിയ ചുവപ്പ്തീപോലെആളി.

അയാൾഅവളുടെപുറത്ത്പതുക്കെതട്ടി.

''സത്യത്തിനെന്താണ് പ്രത്യേകത? കുറെ വെറുപ്പു സമ്പാദിക്കാം. നാടകത്തിൽ വെറുത്താലും ഇഷ്ടപ്പെട്ടാലുംഇല്ലഒന്നും.സത്യം!അതിന്റെആവശ്യമില്ലാത്തിടത്താണ് നാം.നമ്മൾമുതിർന്നു ഉണ്ണി.''

''നിന്റെ മൂക്കിന്റെ തുമ്പ്വിറയ്ക്കുന്നു.''

അയാൾപറഞ്ഞു:''കഷ്ടം!''

''ഞാൻ ഉണ്ണിയുടെ കൂടെ ഉറങ്ങിയോ എന്നല്ലാതെ ഉണ്ണിയെ സ്നേഹിക്കുന്നോ എന്നു ശിവേട്ടൻ ചോദിക്കില്ല.''

''വിഡ്ഢിക്കുട്ടി.''അയാൾപെട്ടെന്ന്ചിരിച്ചു, ഉറക്കെ. ''വീട്ടിൽ പോയിട്ട്എന്തൊക്കെചെയ്യുംഇനി?''

''ചോറു വെയ്ക്കും''അവളും പെട്ടെന്ന് അതേപടിചിരിച്ചു. ''കൂട്ടാൻ വെയ്ക്കും.''

''പിന്നെ?''

''പിന്നെ... തേരനുണ്ടാക്കും.''

''പിന്നെ ?''

''കട്ടിലിൽ കയറിയിരുന്ന് ശിവേട്ടന്റെ കാൽവണ്ണകൾ തടവും പെട്രോളിന്റെ വിലയെപ്പറ്റിയും ജൂനിയർ ഓഫീസറുടെഅസൂയയെപ്പറ്റിയുംവാങ്ങിത്തരാൻ പോകുന്നസാരിയെപറ്റിയുംകേൾക്കും.''

കാൽക്കീഴിലെ കല്ല് ഊക്കിൽ തട്ടിത്തെറിപ്പിച്ച് പ്ലാസ്റ്റിക് ബാഗ് വലിച്ചെടുത്തു അവൾ. ചരൽക്കല്ലുകൾക്കും മീതെ അത് ഊക്കോടെ ഉരഞ്ഞപ്പോഴുണ്ടായ ശബ്ദം ഉണ്ണിയുടെ മനസ്സിൽ ചിതയിലെ കത്താത്തഎല്ലുപോലെകിടന്നു.

''പിന്നെ,'' സീത പറഞ്ഞു: ''ലൈറ്റു കെടുത്താൻ പറയും. അപ്പോൾ... അപ്പോൾ ഞാൻ സാരി അഴിക്കണം.''

അവർഇരുന്നപാറയ്ക്കടിയിലെകാശിത്തുമ്പയുടെകായശബ്ദത്തോടെപൊട്ടിച്ചു ഉണ്ണി.

''അവസാനം ഭാര്യയുടെ കടമകൾ തീരുമ്പോൾ ചെറിയ മേശവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ഞാൻ വായിക്കാനിരിക്കും. അപ്പോൾ ഞാൻ ഉണ്ണിയെ ഓർക്കില്ല. ആ സമയത്തൊക്കെ കടലാസ്സ് ചെറുതാക്കി കീറി ഞാൻ നിലത്തു വിതറും. പിന്നെ മേഘങ്ങൾക്കിടയിലൂടെ നടന്നടുക്കുന്ന ആ നിലാവിന്റെ ചിരി അസഹ്യമായിത്തുടങ്ങുമ്പോൾ ശിവേട്ടന്റെ കൈ തലയിണയിൽനിന്നു മാറ്റിവെച്ച് ഉറങ്ങാൻ കിടക്കും.'' അവളുടെ കൈകൾതന്റെകയ്യിൽഒതുക്കിപ്പിടിച്ചു ഉണ്ണി.

''നേരംഇരുട്ടുന്നു.നിനക്കിനികൂറെദൂരംനടക്കണ്ടേ ?''

കറുക്കുന്ന മാനത്തിനെതിരെ വിടർന്നു നിന്ന ചെറിയ മേഘത്തുണ്ടുകളിൽനിന്നും മുഖം തിരിച്ചപ്പോൾ രണ്ടുപേരുംചിരിച്ചു.

''സീതെ''അയാൾപറഞ്ഞു:''നിന്റെമുടിഒന്നഴിച്ചിടൂ.''

അവൾ ഒന്നും പറയാതെ തന്റെ മുറുക്കി പിന്നിയിട്ട മുടിഅഴിച്ചു വിടർത്തി. പുറം നിറഞ്ഞു. കിടക്കുന്ന കറുത്തു തഴച്ച മുടി അവളുടെ വെളുത്ത മുഖത്തിനുപിന്നിൽചെറിയകാറ്റിൽഓളംവെട്ടി.

അവർ വെറുതെ പരസ്പരം നോക്കിനിന്നു. അയാൾക്കു പിന്നിൽ ഒരു ചുകന്ന ചന്ദ്രക്കലപോലെ ബാക്കിയായ സൂര്യൻ. അവൾ ഓർത്തു. അതിനു കീഴെ തന്റെ വീട്. ശിവേട്ടൻ. താൻ വരാത്തതെന്താണന്ന് പരിഭ്രമിച്ചോടി നടക്കുന്ന ശിവേട്ടൻ. അമ്മയെ കൂട്ടിവരാൻ അച്ഛനെ ശല്യപ്പെടുത്തുന്ന മകൾ. അവർക്കു മീതെഇറങ്ങിവരുന്നഈനിലാവ്.കുന്ന്.

കാൽക്കീഴിലെ വെള്ളാരംകല്ലുകളേക്കാൾതിളങ്ങുന്നഅവളുടെകണ്ണിലെവരൾച്ചയിൽ നോക്കിഅയാൾ പറഞ്ഞു.

''സീതനടക്കൂ. നേരംഇരുട്ടി.''